ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

14 (*404) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജലഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കനാൽ ആന്റ് ഫെറി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ബോട്ടുയാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ&ബി) ബോട്ടുയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി ബോട്ടുകളിൽ പാസഞ്ചർ കപ്പാസിറ്റിക്കനുസൃതമായി കനാൽ ആന്റ് ഫെറി ആക്ട് അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ് എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

(സി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ബോട്ടുകളിലെ ജീവനക്കാർക്കും യാത്രക്കാർക്കും നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂപ 1,45,823 (ഒരു ലക്ഷത്തി നാല്പത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന് രൂപ) പ്രീമിയമായി അടച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകടത്തിൽ ഭാഗിക ഡിസെബിലിറ്റി സംഭവിക്കുന്ന യാത്രക്കാരന്/ജീവനക്കാരന് 50,000 രൂപയും (അൻപതിനായിരം രൂപ) സ്ഥിരമായി ഡിസെബിലിറ്റി അല്ലെങ്കിൽ മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരമായി ലഭിക്കും.

അനധികൃതമായി പതിച്ചുനൽകിയ സർക്കാർ ഭൂമി

15 (*405) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി പതിച്ചു നൽകിയ എത്ര കേസ്സുകൾ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ എത്ര ഏക്കർ സർക്കാർ ഭൂമി അനധികൃതമായി പതിച്ചു നൽകിയതായാണ് കണക്കാക്കുതെന്നറിയിക്കുമോ ;

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സർവ്വേ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നുവോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) അനധികൃതമായി സർക്കാർ ഭൂമി പതിച്ചുനൽകിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 3 കേസ്സുകളും, ഇടുക്കി ജില്ലയിൽ 52 കേസ്സുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിൽ അനധികൃതമായി പതിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനുപുറമേ സർവ്വേ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ സർക്കാർ ഭൂമി ഇനം മാറ്റി നൽകിയ 293 കേസ്സുകളും കണ്ടെത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ 3 കേസ്സുകളിലുമായി ഏകദേശം 70 സെന്റോളം ഭൂമിയും ഇടുക്കി ജില്ലയിൽ 52 കേസ്സുകളിലുമായി 166.99 ഏക്കർ ഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. സർവ്വേയുമായി ബന്ധപ്പെട്ട് ഏകദേശം 192 ഏക്കർ ഇനം മാറ്റി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർവ്വേ വിഭാഗം നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട് ചില റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വ്യാജ രേഖകൾ ചമച്ച് ഭൂമി തട്ടിയെടുക്കുന്ന സംഘത്തെക്കുറിച്ച് ക്രൈം ബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘത്തെക്കൊണ്ടോ മറ്റ് ഏജൻസികളെക്കൊണ്ടോ അന്വേഷിപ്പിക്കേണ്ടതാണ്.

2. റീ സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തസ്തികകൾ റവന്യൂവിലേക്ക് മാറ്റാവുന്നതാണ്.

3. പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നിയമിക്കാവുന്നതാണ്.

4. റീസർവ്വേ റിക്കോർഡുകൾ വില്ലേജിന് കൈമാറുന്നതിനിടയ്ക്ക് വന്ന മാറ്റങ്ങളേക്കാൾ വളരെ കൂടുതൽ പരാതികൾ ലഭിക്കുകയാണെങ്കിൽ റീ-സർവ്വേ റിക്കോർഡുകൾ റദ്ദ് ചെയ്യേണ്ടതും ഉത്തരവാദികളായ ജീവനക്കാർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന നിയമം കൊണ്ടുവരേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. 1995-നു ശേഷം അദാലത്ത് ഉത്തരവ് വഴി നിലവിൽ വന്ന എല്ലാ തണ്ടപ്പേരുകളും പരിശോധിച്ച് സർക്കാർ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും അനധികൃതമായി തണ്ടപ്പേര് പിടിച്ചിട്ടുണ്ടോ എന്നും എല്ലാ വില്ലേജിലും സമഗ്രമായ പരിശോധന നടത്തേണ്ടതാണ്.

(ഇ) റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ

16 (*406) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സേവന- വേതന വ്യവസ്ഥകളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കമ്മിറ്റിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ ;

(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ് ;

(ഡി) ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) അൺഎയ്ഡഡ് സ്കൂളുകളിലെ അമിതമായ ഫീസ് നിരക്ക് കുറയ്ക്കുന്നതിനായി മാനേജുമെന്റുകളുമായി സർക്കാർ ചർച്ച നടത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ആദ്യ ഘട്ടമായി നിലവിലുള്ള അദ്ധ്യാപകരുടെ വേതന ഘടനയും വിദ്യാർത്ഥികളുടെ ഫീസ് ഘടനയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly